പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :1264

12-03-2015-ൽ മറുപടിക്ക്

ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിൽ പുതിയ മാവേലിസ്റ്റോറുകൾ

ചോദ്യം

ശ്രീ.ബി.സത്യൻ

ഉത്തരം

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും
ഉപഭോക്തൃസംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിൽ മൂന്നിടത്ത് മാവേലിസ്റ്റോറുകൾ അനുവദിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് സ്ഥലം എം.എൽ.എ. യും ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയും 30.10.2014-ൽ നൽകിയ അപേക്ഷയിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) & (ബി) | ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിലെ നാല് കേന്ദ്രങ്ങളിൽ മാവേലിസ്റ്റോർ ആരംഭിക്കുന്നതിനായി ആറ്റിങ്ങൽ നഗരസഭ നൽകിയ അപേക്ഷയിന്മേൽ സാധ്യതാപഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി തിരുവനന്തപുരം മേഖലാ മാനേജർക്ക് സപ്ലൈകോ ഹെഡ് ഓഫീസിൽ നിന്നും നൽകിയിട്ടുണ്ട്. സാധ്യതാപഠന റിപ്പോർട്ട് പ്രകാരം അവനവഞ്ചേരി ഗ്രാമമുക്ക് എന്ന സ്ഥലത്ത് മാത്രമാണ് പുതിയ മാവേലിസ്റ്റോർ തുടങ്ങുന്നതിന് സാധ്യതയുള്ളതായി കാണുന്നതെന്നും അതുപ്രകാരം അവനവഞ്ചേരി ഗ്രാമമുക്ക് എന്ന സ്ഥലത്ത് പുതിയ മാവേലിസ്റ്റോർ തുടങ്ങുന്നതിന് സപ്ലൈകോയുടെ നിലവിലെ മാനദണ്ഡം അനുസരിച്ചുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കണമെന്ന് ആറ്റിങ്ങൽ മുനിസിപ്പാലിറ്റി സെക്രട്ടറിയ്ക്ക് ആറ്റിങ്ങൽ ഡിപ്പോയിൽ നിന്ന് കത്തയച്ചിട്ടുണ്ട്. ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിൽ നിന്നുള്ള മറുപടി ലഭിക്കുന്ന മുറയ്ക്ക് പുതിയ മാവേലിസ്റ്റോർ തുടങ്ങുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | നടപ്പ് സാമ്പത്തിക വർഷം പ്രസ്തുത സ്ഥലങ്ങളിൽ മാവേലിസ്റ്റോറുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കാമോ? | | |

സെക്ഷൻ ഓഫീസർ